ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനാവലോകനം

5 (*755) ശ്രീ. എ. പ്രദീപ്കുമാർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാവിഭാഗത്തിന്റെ പ്രവർത്തനത്തെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ പലതിലും നടപടികൾ ഇല്ലാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തുന്ന കേസ്സുകളിൽ ഭരണവകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇതിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും നിയവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ധനകാര്യ സെക്രട്ടറി തലത്തിൽ അവലോകനം നടത്താറുണ്ട്. പ്രതിമാസം നടത്തുന്ന അവലോകന യോഗത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടുകളിന്മേൽ G.O. (P) No. 506/92/Fin. Dated 20-8-1992, G.O. (P) No. 2981/98/Fin. Dated 25-11-1998 എന്നീ ഉത്തരവുകൾക്കും 56/FIW-G1/08/Fin. Dated 30-8-2008 സർക്കുലറിലെ നിർദ്ദേശങ്ങൾക്കും അനുസൃതമായി സമയബന്ധിതമായി തുടർ നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് നിർദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം, വരുത്തേണ്ടതില്ല. ബന്ധപ്പെട്ട ഭരണ വകുപ്പുകൾ കൃത്യമായി ഈ വ്യവസ്ഥകൾ പ്രകാരം നടപടിയെടുത്താൽ മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly